**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5793** **08-11-2021 - ൽ മറുപടിയ്ക്ക്**

**ഏകജാലക സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ വ്യവസായ നയം പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) | 2018 ലാണ് സംസ്ഥാനത്ത് അവസാനമായി വ്യവസായ വാണിജ്യ നയം രൂപീകരിച്ചിട്ടുള്ളത്. 2018-ലെ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' പ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ 'K-SWIFT' എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇത് കൂടാതെ 2019-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' പ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷം വരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 'MSME Acknowledgment Certificate' ലഭ്യമാകുന്നതാണ്. വ്യവസായ വകുപ്പിന്റെ ഏകജാലക സംവിധാനം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിലൂടെ (EoDB) സമയബന്ധിതമായി ക്ലിയറൻസ് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് പ്രൊമോഷൻ |

| | | | |
|---|---|---|---|
| | | | ഓഫ് ഇൻഡസ്ട്രി ആന്റ് ഇന്റേർണൽ ട്രേഡ് (DPIIT) റാങ്ക് നിശ്ചയിക്കുന്നത്. കേരളത്തിൽ സംരംഭകർക്ക് ആവശ്യമായ ലൈസൻസ് റിന്യൂവൽ/അപ്രൂവൽ തുടങ്ങിയവ ലഭ്യമാക്കുന്നതിനായി സർക്കാർ ജില്ലാതല ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ (DBRAP) 2020 നടപ്പിലാക്കി. ഇതിലൂടെ 2020-21 സാമ്പത്തിക വർഷം ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ടിന്റെ (GSDP) 0.25% അധികമായി വായ്പയെടുക്കാൻ സംസ്ഥാനത്തെ പ്രാപ്തമാക്കി. EoDB യുടെ അടിസ്ഥാനത്തിൽ സംസ്ഥാന റാങ്കിംഗ് നിശ്ചയിക്കുന്ന സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) 2020 നടപ്പിലാക്കുന്നതിൽ 94% നേട്ടം കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | വ്യവസായ വകുപ്പിന്റെ നിലവിലെ ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) | 2018 ലാണ് സംസ്ഥാനത്ത് അവസാനമായി വ്യവസായ വാണിജ്യ നയം രൂപീകരിച്ചിട്ടുള്ളത്. 2018-ലെ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' പ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ 'K-SWIFT' എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇത് കൂടാതെ 2019-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' പ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷം വരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 'MSME Acknowledgment Certificate' ലഭ്യമാകുന്നതാണ്. വ്യവസായ വകുപ്പിന്റെ ഏകജാലക സംവിധാനം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിലൂടെ (EoDB) സമയബന്ധിതമായി ക്ലിയറൻസ് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾക്ക് കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ് ഇന്റേർണൽ ട്രേഡ് (DPIIT) റാങ്ക് നിശ്ചയിക്കുന്നത്. കേരളത്തിൽ സംരംഭകർക്ക് ആവശ്യമായ ലൈസൻസ് റിന്യൂവൽ/അപ്രൂവൽ തുടങ്ങിയവ ലഭ്യമാക്കുന്നതിനായി സർക്കാർ ജില്ലാതല ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ (DBRAP) 2020 നടപ്പിലാക്കി. ഇതിലൂടെ 2020-21 സാമ്പത്തിക വർഷം ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ടിന്റെ (GSDP) 0.25% അധികമായി വായ്പയെടുക്കാൻ സംസ്ഥാനത്തെ പ്രാപ്തമാക്കി. EoDB യുടെ അടിസ്ഥാനത്തിൽ സംസ്ഥാന റാങ്കിംഗ് നിശ്ചയിക്കുന്ന സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) 2020 നടപ്പിലാക്കുന്നതിൽ 94% നേട്ടം കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ